# എടപ്പാൾ ഗ്രാമപഞ്ചായത്ത്

**രണ്ടാം വാർഡ് (തട്ടാൻപടി ) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.**

**( 2018-2019സാമ്പത്തികവർഷത്തിൽ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 11 വരെ നടന്നിട്ടുള്ള പ്രവർത്തികളുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്)**

**തയ്യാറാക്കിയത് : മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ മലപ്പുറം ജില്ലാ യൂണിറ്റ്/പൊന്നാനി ബ്ലോക്ക്**

**സമർപ്പണം: രണ്ടാം വാർഡ് ഗ്രാമസഭ മുമ്പാകെ.**

തൊഴിലുറപ്പ് പദ്ധതിയിൽ ആറുമാസത്തിലൊരിക്കൽ നടന്നിരിക്കേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി എടപ്പാൾ ഗ്രാമ പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ നടത്തിയ 2018-19 വർഷത്തിലെ ഒക്ടോബർ ഒന്നുമുതൽ മാർച്ച് 11 വരെയുള്ള കാലഘട്ടത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ട് ആണിത്. കൂടുതൽ ചർച്ചകൾക്കും വിലയിരുത്തലിനും ഗ്രാമസഭയുടെ അംഗീകാരത്തിനുമായി ഗ്രാമസഭയുടെ മുമ്പിൽ സമർപ്പിക്കുന്നു.

# ആമുഖം

ഭാരതത്തിലെ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുനതിനു വേണ്ടി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 സെപ്തംബർ 5 നു പാർലമെന്റ് പാസ്സാക്കി.നിയമത്തിന്റെ പിൻബലമുള്ള അവകാശധിശാധിഷ്ട്ടിത പദ്ധതിയാണിത്.സ്ത്രീക്കും പുരുഷനും തുല്യ വേതനംഉറപ്പു വരുത്തുന്നതിനോടൊപ്പം ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും 100 ദിവസത്തെ വേതനത്തോടു കൂടിയ അവിദഗ്ദ്ധ കായിക തൊഴിൽ ഈ നിയമം ഉറപ്പു വരുത്തുന്നു.

മലപ്പുറം ജില്ലയിലെ പൊന്നാനി ബ്ലോക്കിൽ പെട്ട എടപ്പാൾ ഗ്രാമപഞ്ചായത്ത് 23.7 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതാണ്. അറബിക്കടലിൽ നിന്നും ഏകദേശം 7 കിലോമീറ്റർ കിഴക്കുമാറി ഭാരതപ്പുഴയിൽനിന്ന് 6 കിലോമീറ്റർ തെക്കുകിഴക്കും ആയി കിടക്കുന്ന മധ്യ സമതലം ഭൂപ്രകൃതിയാണ് എടപ്പാൾ ഗ്രാമപഞ്ചായത്ത് ചെറിയ കുന്നുകളും വയലുകളും വയലുകളും കായലുകളും സമതലങ്ങളും നിറഞ്ഞതാണ് ഈ പ്രദേശം കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചെരിഞ്ഞാണ് ഭൂമിയുടെ കിടപ്പ് പെരുമ്പറമ്പ് ,പൊല്പാക്കര പ്രദേശങ്ങൾ സമതലങ്ങളാണ് .പ്രകൃതിസുന്ദരമായ കായൽ പ്രദേശങ്ങൾ ഈ നാടിന് ഉണ്ട് പടിഞ്ഞാറ് അതിർത്തി ഭാഗങ്ങളിലും വടക്കുകിഴക്ക് അതിർത്തിയോട് ചേർന്ന് ഏകദേശം 701 ഹെക്ടർ ഹെക്ടർ വിസ്തൃതിയിൽ കോൾനിലങ്ങൾ കാണപ്പെടുന്നു വടക്ക് പെരുമ്പടപ്പ് പഞ്ചായത്തും കിഴക്ക് കാലടി ഗ്രാമ തെക്കുഭാഗത്ത് വട്ടംകുളം ഗ്രാമപഞ്ചായത്തും സ്ഥിതിചെയ്യുന്നു. 2011 സെൻസസ് പ്രകാരം 36374 പേർ ജീവിക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ 18142 പേർ സ്ത്രീകളും 18232 പേർ പുരുഷൻമാരുമാണ്.ആകെ 19വാർഡുകളാണ് ഗ്രാമപഞ്ചായത്തിൽ ഉള്ളത്.ഇതിൽ 2-ആം വാർഡായ തട്ടാൻ പടി ആണ് സോഷ്യൽ ഓഡിറ്റ് പ്രക്രിയക്കായി തെരഞ്ഞെടുത്തത്.0.965 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള തട്ടാൻ പടി വാർഡിലെ ആകെ ജനസംഖ്യ 2131 ആണ്.വാർഡ് പൊതുവെ ജനവാസകേന്ദ്രങ്ങളായ നിരപ്പാർന്ന പ്രദേശങ്ങളും , ചെറു ജല സ്ത്രോതസ്സുകളും ,കായലുകളും ചെറിയൊരു ഭാഗം വയലുകളും നിറഞ്ഞതാണ്. തെങ്ങാണ് വാർഡിലെ പ്രധാന കാർഷികവിള. കൂടാതെ വാഴ, പച്ചക്കറികൾ, കുറഞ്ഞ അളവിൽ നെല്ല് എന്നിവയും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. വാർഡിൽ ഒരു പോസ്റ്റ്ഓഫീസ് ,അംഗൻവാടി,മദ്രസ്സ, എന്നീ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്.

## രീതി ശാസ്ത്രം

എടപ്പാൾ ഗ്രാമ പഞ്ചായത്തിലെ പതിനെട്ടാം വാർഡിലെ(അയിലക്കാട് വെസ്റ്റ്) സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ: 2019 സെപ്റ്റംബർ 16 മുതൽ സെപ്റ്റംബർ 22 വരെയാണ് തട്ടാന്പടി വാർഡിൽ സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായുള്ള വിശദമായ ഫയൽ പരിശോധനയും ഫീൽഡ് തല പരിശോധനകളും നടക്കുന്നത്.2018 ഒക്ടോബർ ഒന്നിനു ശേഷം നടന്നിട്ടുള്ള പ്രവർത്തികൾ മാത്രമാണ് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിരിക്കുന്നത്. എടപ്പാൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, പ്രസിഡണ്ട് ശ്രീ.പി പി ബിജോയ് ,വാർഡ് മെമ്പർ ശ്രീമതി .മിനി മോൾ .കെ .പി ,തൊഴിലുറപ്പ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ എന്നിവരെല്ലാം തന്നെ സോഷ്യൽ ഓഡിററ് പ്രക്രിയയ്ക്ക് വളരെയധികം സഹായകരമായ നിലപാടാണ് സ്വീകരിച്ചത്. കൂടാത ജെപിസി ,ബ്ലോക്ക് ഡെവലപ്മെൻറ് ഓഫീസർ, ജോയിന്റ്ബി.ഡി.ഒ എന്നീ ഉദ്യോഗസ്ഥന്മാരുടെയും പൂർണ പിന്തുണ സോഷ്യൽ ഓഡിറ്റിന് ഉണ്ടായിരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾക്ക് വാർഡിലെ മേററ് ശ്രീമതി രാജലക്ഷ്മി , അവരുടെ സമയവും അറിവും അധ്വാനവും സ്വമേധയാ നൽകിയിട്ടുണ്ട്. വ്യക്തിജീവിതത്തിലെ പ്രതിസന്ധികൾക്കിടയിലും ഇതിനു സമയം കണ്ടെത്തിയ മേറ്റുമാരുടെ സമീപനം പ്രത്യേകം സ്മരിക്കുന്നു. വാർഡ് മെമ്പർ ശ്രീമതി.മിനി മോൾ .കെ .പി,അവരുടെ അറിവുകളും സമയവും സോഷ്യൽ ഓഡിറ്റിനു വേണ്ടി നൽകിയിരുന്നു.. വർക്ക് ഫയലുകളുടെയും രജിസ്റ്ററുകളുടെയും വിശദമായ പരിശോധന, പ്രവർത്തി നടന്നിട്ടുള്ള സ്ഥലങ്ങളുടെ നേരിട്ട് ചെന്ന് വിശദമായ പരിശോധന, വീടുവീടാന്തരം കയറിയിറങ്ങിയുള്ള ഗുണഭോക്താക്കളുമായുള്ള അഭിമുഖങ്ങൾ, അങ്ങനെ വിശദമായ പ്രവർത്തനങ്ങളാണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നിട്ടുള്ളത്.

## തൊഴിലുറപ്പ്നിയമം തൊഴിലാളികൾക്ക് ഉറപ്പ്നൽകുന്ന പത്ത് അവകാശങ്ങൾ

1. തൊഴിൽകാർഡിനു അപേക്ഷിക്കുവാൻ ഉള്ള അവകാശം
2. അപേക്ഷിച്ച്15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന് കൈപ്പറ്റ് റസീത് ലഭിക്കുന്നതിനും ഉള്ള അവകാശം.
3. അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം.ആദ്യത്തെ 30 ദിവസം (1/4 &പിന്നീടുള്ള ദിവസങ്ങളിൽ 1/2)
4. ഷെൽഫ്ഓഫ് പ്രോജക്റ്റ് തയ്യാറാക്കുവാനുള്ള അവകാശം.
5. അഞ്ച് കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന്റെ 10% അധികംലഭിക്കുവാനുള്ള അവകാശം

6. കുടിവെള്ളം, വിശ്രമസൗകര്യം, പ്രഥമശുശ്രൂഷ സൗകര്യം ഇവലഭിക്കുന്നതിനുള്ള അവകാശം.
7. 15 ദിവസത്തിനുള്ളിൽ വേതനംലഭിക്കുന്നതിനുള്ള അവകാശം.
8. വേതനവിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.
9. സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം
10. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം.

## എടപ്പാൾ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ തൊഴിലുറപ്പ് പദ്ധതി

തട്ടാൻ പടി വാർഡിൽ ആകെ 175 തൊഴിലാളികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 50 ഓളം സജീവ തൊഴിലാളികലുണ്ടായിരുന്ന വാർഡിൽ നിലവിൽ 30 സജീവ തൊഴിലാളികൾ മാത്രമാണുള്ളത്.പലതരത്തിലുള്ള അസുഖങ്ങൾ മൂലവും പ്രായാധിക്യം മൂലവും തൊഴിലാളികളുടെ എണ്ണം കുറയുന്നതിന് കാരണമായി. തൊഴിലാളികൾ കടുതലായി ആവശ്യം വരുന്ന പ്രവര്ത്തികളിൽ മറ്റു വാർഡുകളിലെ തൊഴിലാളികൾ ഈ വാർഡിൽ വന്നു തൊഴിൽ ചെയ്യാറുണ്ട്. ഈ വാർഡിൽ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ നടപ്പിലാക്കിയിട്ടുള്ള 4 പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

## പദ്ധതിയുടെ നടത്തിപ്പ് തല സംവിധാനങ്ങൾ

തൊഴിലുറപ്പ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി വാർഡ് തലത്തിലുള്ള തൊഴിലാളികളും മേറ്റുമാരും കൂടാതെ ഗ്രാമപഞ്ചായത്തിന്റെ ഓഫീസിലെ തൊഴിലുറപ്പു വിഭാഗത്തിലെ ജീവനക്കാരായ ഒരു അക്രെഡിറ്റഡ് എഞ്ചിനീയറും (ശ്രീ.സുദീപ്) ഓവർസിയറും (ശ്രീമതി ഗീത ) രണ്ട് ഡി.ഇ.ഒ /അക്കൗണ്ടന്റുമാരും (ശ്രീമതി ഷിജി ,ശ്രീമതി.നിഷ) ഇതുകൂടാതെ വാർഡ് തലത്തിൽ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി വാർഡ് മെമ്പർ ശ്രീമതി. മിനി മോൾ .കെ .പി വാർഡിലെ 7 അംഗങ്ങലുള്ള വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ എന്നിവരുമുണ്ട്.

## പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങൾ

| BASIC DETAILS OF THE WORK | | | | AMOUNT AS PER THE ESIMATE | | | | AMOUNT DURING THE AU | | | |
|---|---|---|---|---|---|---|---|---|---|---|---|
| SL NO | WORK CODE | WORK NAME | WORK STATUS | UNSKILLED WAGES | SKILLED WAGES | MATERIAL AMOUT | TOTAL AMOUNT | UNSKILLED WAGE | SKILLED WA | MATERIAL | TOTAL AMO |
| 1 | 1605010001/IC/321688 | W 2 കോട്ടമുക്ക് കണ്ണേങ്കായൽതോടുകൾ പുനരുദ്ധാരണം 17 (2) | COMPLETED | 176794 | 0 | 7206 | 184000 | 85412 | 0 | 0 | 85412 |
| 2 | 1605010001/IF/341602 | കിണർ നിർമ്മാണം - അമ്മിണി കണ്ണയിൽ പറമ്പിൽ - വാർഡ് 2 | ONGOING | 10284 | 0 | 3180 | 13464 | 0 | 0 | 0 | 0 |
| 3 | 1605010001/LD/234150 | W 2 തരിശുഭൂമി കൃഷിക്ക് അനുയോജ്യക്കൽ | COMPLETED | 192276 | 0 | 7724 | 200000 | 2E+05 | 0 | 0 | 2E+05 |
| 4 | 1605010001/RC/271493 | രജിസ്റ്റർ ഓഫീസ് പൊൽപ്പാക്കര റോഡ് നിർമാണം .വാർഡ് 2 | COMPLETED | 21427 | 1341 | 254910 | 277678 | 18970 | 0 | 0 | 18970 |

**7 രജിസ്റർ പരിശോധന സംബന്ധിച്ച്.**

- തൊഴിൽ കാർഡ് രജിസ്ററിൽ 2018- 2019 സാമ്പത്തിക വർഷം വരെ തൊഴിലിനു അപേക്ഷിച്ചവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- .തൊഴിൽ കാർഡ് വിതരണ രജിസ്റർ പരിശോധിച്ചപ്പോൾ 309 പേർക്ക് തൊഴിൽ കാർഡ് നൽകിയതായി കാണാൻ കഴിഞ്ഞു. .
- വർക്ക് രജിസ്റർ പരിശോധിച്ചപ്പോൾ രണ്ടാം വാർഡിലെ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ ഒന്നും താനെ കാണുവാൻ സാധിച്ചില്ല. ആട്ടിൻകൂട് നിർമ്മാണ പ്രവൃത്തി ,ലൈഫ് ഭവന നിർമ്മാണ പ്രവൃത്തി എന്നീ പ്രവർത്തികളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയതായി കാണുന്നുള്ളൂ.
- തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ അനുവദിച്ചതുമായ വിവരങ്ങളും തൊഴിൽ രജിസ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- പരാതി രജിസ്ററിൽ2018-19 സാമ്പത്തിക വർഷത്തിൽ പരാതികളൊന്നുംതന്നെ രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ 2015-16 സാമ്പത്തിക വര്ഷം വരെയുള്ള പരാതികൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- മെറ്റീരിയൽ രജിസ്ററിൽ 2018-19 സാമ്പത്തിക വർഷത്തെ വാർഡിൽ ചെയ്ത മെറ്റീരിയൽ (പഴയ രെജിസ്ട്രർ ഓഫീസ് പോല്പ്പാക്കര റോഡ് കൊണ്ക്രീട്ടിംഗ് ) പ്രവർത്തിയുടെ സാധന ഘടകങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
- ഓരോ വാർഡുകൾക്കും പ്രത്യേകം പ്രത്യേകം ഗ്രാമസഭ രെജിസ്റെർ സൂക്ഷിച്ചിട്ടുണ്ട്. ഓരോ വാർഡിലെയും തൊഴിലുറപ്പ് ഗ്രാമസഭകളുടെ വിവരങ്ങൾ ,പങ്കെടുത്തവരുടെ വിവരങ്ങൾ,പ്രധാന തീരുമാനങ്ങൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്.
- സ്ഥിര ആസ്തി രജിസ്റർ ലഭ്യമായിട്ടില്ല .

## വർക്ക് ഫയലുകൾ

ഏഴ് പ്രവർത്തികളുടെ വർക്ക് ഫയൽ പരിശോധിച്ചപ്പോൾ , Annual Master Circular അദ്ധ്യായം -7 പ്രകാരം ഒരു വർക്ക് ഫയലിൽ ഉണ്ടായിരിക്കേണ്ട 22 – രേഖകളിൽ 1 പ്രവൃത്തികളിൽ 10 –രേഖകളും 3 പ്രവൃത്തികളിൽ 9 രേഖകളും കാണുവാൻ സാധിച്ചു.

ഫയലിൽ ലഭ്യമല്ലാത്ത രേഖകൾ

ചെക്ക് ലിസ്റ്റ്,ആക്ഷൻ പ്ലാൻ ,പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം , എഫ് ടി ഒ, സാധനങ്ങൾക്ക് ടെണ്ടർ വിളിച്ചതിന്റെ വിവരങ്ങൾ,ടെണ്ടർ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനത്തിന്റെ വിവരങ്ങൾ,,റോയൽറ്റി, ജിയോ ടാഗുള്ള ഫോട്ടോകൾ ,പ്രവൃത്തിയുടെ 3

ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ്,റോയൽറ്റി സംബന്ധിച്ച രേഖകൾ ,പ്രവൃത്തി പൂർത്തീകരണ സാക്ഷ്യ പത്രം

**കവർ പേജ്.**

- പരിശോധിച്ച 4 ഫയലുകളിൽ ഭൂവികസന പ്രവൃത്തിയുടെ (LD/234150) ഫയലിൽ മാത്രമാണ് എ എം സി പ്രകാരമുള്ള കവർ പേജ് ഉൾപ്പെടുത്തിയിട്ടുള്ളത്.
- കവർ പേജിൽ വിവരങ്ങൾ പൂർണ്ണമായും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
- കവർ പേജിൽ പ്രവൃത്തിയുടെ പേര് ,വർക്ക് കോഡ്,പഞ്ചായത്ത്, വാർഡിന്റെ പേര് എന്നീ വിവരങ്ങൾ മാത്രമാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്.
- പ്രവൃത്തി സ്ഥലം,പ്രവൃത്തി ആരംഭിച്ച തീയതി,അവസാനിച്ച തീയതി ,അടങ്കൽ തുക, യഥാർത്ഥ ചിലവ് , ജിയോ ടാഗ് സംബന്ധിച്ച വിവരങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

**ചെക്ക് ലിസ്റ്റ്**

പരിശോധിച്ച 4 ഫയലുകളിൽ ഒന്നിലും ചെക്ക് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

**ആക്ഷൻ പ്ലാൻ കോപ്പി**

പരിശോധിച്ച 4 ഫയലുകളിൽ ഒന്നിലും ആക്ഷൻ പ്ലാൻ കോപ്പി സൂക്ഷിച്ചിട്ടില്ല.

**എസ്റ്റിമേറ്റ്**

- പരിശോധിച്ച 4 ഫയലുകളിലും എസ്റ്റിമേറ്റ് കോപ്പി ഉൾപ്പെടുത്തിയതായി കാണുവാൻ സാധിച്ചു.
- അബ്സ്ട്രക്റ്റ് ഓഫ് എസ്റ്റിമേറ്റ് ,വിശദമായ എസ്റ്റിമേറ്റ് എന്നിവ എല്ലാ ഫയലുകളിലും ഉൾപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളി-സാധന ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ,റേറ്റ്അനാലിസിസ്,ലീഡ്& ലിഫ്റ്റ് വിവരങ്ങൾ,ബോഡിനെ സംബന്ധിച്ച വിവരങ്ങൾ എന്നിവ കൃത്യമായി ചേർത്തിട്ടുണ്ട്.
- വർക്ക് എസ്റ്റിമെടിൽ എ ഇ,ഓവർസീയർ എന്നിവരുടെ ഒപ്പ് ,സീൽ എന്നിവ രേഖപ്പെടുതിയിട്ടുണ്ട്.

**സാങ്കേതിക അനുമതി**

- പരിശോധിച്ച 4 ഫയലുകളിലും സാങ്കേതിക അനുമതിയുടെ കോപ്പി ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഭരണാനുമതി നമ്പർ ,തീയതി,എസ്റ്റിമേറ്റ് തുക,തൊഴിലാളി-സാധന ഘടകങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തി എ ഇ ,ഓവർസീയർ

,അസിസ്റ്റന്റ് എനജിനീയർഎന്നിവർ ഒപ്പ്,സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

## ഭരണാനുമതി

- പരിശോധിച്ച  ഫയലുകളിലെല്ലാംഭരണാനുമതിയുടെ പകർപ്പ് സൂക്ഷിച്ചിട്ടുണ്ട്..
- ഇതിൽ ഭരണാനുമതി നമ്പർ ,തീയതി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- പഞ്ചായത്ത് സെക്രട്ടറി ഒപ്പ് ,സീൽ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

## മസ്റ്റർറോൾ

- പരിശോധിച്ച 4 ഫയലുകളിലും അവിദഗ്ദ,-വിദഗ്ദ(5) തൊഴിലാളികളുടെ മസ്റ്റർ റോളുകൾ സൂക്ഷിച്ചിട്ടുണ്ട്.
- ബിഡിഒ,സെക്രട്ടറി,മസ്റ്റർ റോൾ, എന്നിവരുടെ ഒപ്പ് ,സീൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.
- മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ,പ്രവർത്തി ചെയ്ത തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ,ഒപ്പ്,ഒരു ദിവസത്തെ വേതനം,ആകെ വേതനം, ആയുധങ്ങൾ മൂർച്ച കൂട്ടുന്നതിനുള്ള വാടക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.
- സെക്രട്ടറി,ബി ഡി ഒ എന്നിവർ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല.

## വേജ് ലിസ്റ്റ്

- റോഡ് കൊണ്ക്രീട്ടിംഗ് (RC/271493 )  ,ഭൂവികസനം (LD/234150) എന്നീ പ്രവൃത്തികളുടെ ഫയലുകളിൽ മാത്രമാണ് വേജ് ലിസ്റ് സൂക്ഷിച്ചിട്ടുള്ളത്.
- ഫയലുകളിൽ എംഐഎസ് ഇൽ നിന്നും ഉള്ള വേജ് ലിസ്റ്റ് ആണ് സൂക്ഷിച്ചിട്ടുള്ളത്.
- കിണർ നിർമ്മാണം  (IF/341602)  ,കോ ട്ടമുക്ക്  കണ്നെന്കായാൽ തോട് പുനരുദ്ധാരണം (IC/321688) പ്രവൃത്തിയുടെ ഫയലിൽ വേജ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
- അവിദഗ്ദ,വിദഗ്ദ്ധ/അർദ്ധ വിദഗ്ദ തൊഴിലാളികളുടെ വേജ് ലിസ്റ്റുകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്.

## എഫ്.ടി.ഒ

പരിശോധിച്ച ഫയലുകളിൽ റോഡ് കൊണ്ക്രീട്ടിംഗ് (RC/271493 ) ,ഭൂവികസനം (LD/234150) എന്നീ പ്രവൃത്തികളുടെ ഫയലുകളിൽ മാത്രമാണ് വേതന തുകയ്ക്ക് തുല്യമായ എഫ് ടി ഒ സൂക്ഷിച്ചിട്ടുള്ളത്

## ഡിമാൻഡ് ഫോം

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ തൊഴിൽ ആവശ്യപ്പെട്ടു കൊണ്ടുള്ള തൊഴിലാളികളുടെ അപേക്ഷ സൂക്ഷിച്ചിട്ടില്ല.

## വർക്ക് അലൊക്കേഷൻ ഫോം

പരിശോധിച്ച 4 ഫയലുകളിൽ ഒന്നിലും തന്നെ തൊഴിലാളികളുടെ തൊഴിലിനുള്ള അപേക്ഷ സ്വീകരിച്ചു പ്രവർത്തി അഗീകരിച്ചു കൊണ്ടുള്ള ഫോം ഉൾപ്പെടുത്തിയിട്ടില്ല.

## മസ്ററർ റോള് മൂവ്മെന്റ് സ്ലിപ്

പരിശോധിച്ച 4 ഫയലുകളിൽ ഒന്നിലും തന്നെ മസ്ററർ റോള് മൂവ്മെന്റ് സ്ലിപ് ഉൾപ്പെടുത്തിയിട്ടില്ല.

## മെറ്റീരിയൽ സംബന്ധിച്ച വിവരങ്ങൾ

- , പഴയ രജിസ്റ്റർ പൊൽപ്പാക്കര റോഡ് കൊണ്ക്രീട്ടിംഗ് (RC/271493 ) പ്രവൃത്തിയിൽ എം ഐ എസിൽ നിന്നും ഡൌൺലോഡ് ചെയ്ത മേടീരിയൽ ബില്ല് സൂക്ഷിച്ചിട്ടുണ്ട്.
- എന്നാൽ സാധന ഘടകങ്ങൾക്കു കൊട്ടേഷൻ വിളിച്ചതിന്റെ രേഖകൾ,കംപാരറ്റീവ് സ്റേറ്റ്മെന്റ്,പർച്ചേസ് ഓർഡർ എന്നിവയൊന്നും തന്നെ ഫയലുകളിൽ കാണുവാൻ സാധിച്ചില്ല..

## സംയോജിത പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ സംയോജിത പദ്ധതിയെ സൂചിപ്പിയ്ക്കുന്ന തരത്തിലുള്ള രേഖകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ല.

## പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം

പരിശോധിച്ച ഫയലുകളിൽ ഒന്നും തന്നെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം വിവാങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### എം ബുക്ക്

- പരിശോധിച്ച ഫയലുകളിൽ എല്ലാം തന്നെ എം ബുക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്കിൽ പ്രവൃത്തിയുടെ പേര്,എം ബുക്ക് നമ്പർ,പേജ് നമ്പർ,ഓവർസീയർ,അക്രെഡിറ്റ് എൻജിനീയർ എന്നിവരുടെ ഒപ്പ്,സീൽ,തീയതി എനിവ രേഖപ്പെടുത്തിയിട്ടുണ്ട്.
- എം ബുക്ക് അസിസ്റ്റന്റ് എനജിനീയർ  സർട്ടിഫൈ ചെയ്തു ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.
- പ്രീ മെഷർമെന്റ് ,എ എസ്,ടി എസ് നമ്പർ,മാസ്റർ റോള് നമ്പർ  എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
- അടങ്കൽ തുക,യഥാർത്ഥ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്.

### ഫോട്ടോഗ്രാഫ്

- പരിശോധിച്ച ഫയലുകളിലൊന്നും തന്നെ പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുള്ള (3 ഘട്ടം)ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തിയിട്ടില്ല .AMC പ്രകാരം ഒരു പ്രവർത്തിയുടെ  3 ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ് ഫയലിൽ ഉൾപ്പെടുത്തേണ്ടാതുണ്ട്.

### ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ്

- പരിശോധിച്ച ഫയലുകളിലൊന്നും തന്നെ ജിയോ ടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഉൾപ്പെടുത്തിയിട്ടില്ല.

### സൈറ്റ് ഡയറി

- പരിശോധിച്ച ഫയലുകളിലൊന്നും തന്നെ   സൈറ്റ്  ഡയറി ഉൾപ്പെടുത്തിയിട്ടില്ല.

## കണ്ടെത്തലുകൾ

- ഒരു വർക്ക് ഫയലിൽ ഉണ്ടായിരിക്കേണ്ട 22 – രേഖകളിൽ 1 പ്രവൃത്തികളിൽ  10 –രേഖകളും 3 പ്രവൃത്തികളിൽ 9 രേഖകളും കാണുവാൻ സാധിച്ചു.
- പരിശോധിച്ച  7 ഫയലുകളിൽ എല്ലാം തന്നെ  എ എം സി പ്രകാരമുള്ള കവർ പേജ്,സാങ്കേതിക അനുമതി,ഭരണ അനുമതി,എസ്റിമേറ്റ്,മസ്റ്റർറോള്,വേജ് ലിസ്റ്റ്,എസ്റിമേറ്റ് റിപ്പോർട്ട് ,എം ബുക്ക് എന്നീ രേഖകൾ കാണുവാൻ സാധിച്ചു.

- എന്നാൽ  സാധനങ്ങൾക്ക്  ക്വോട്ടേഷൻ വിളിച്ചതിന്റെ വിവരങ്ങൾ,ടെണ്ടർ അംഗീകരിച്ചു കൊണ്ടുള്ള ഭരണ സമിതി തീരുമാനത്തിന്റെ വിവരങ്ങൾ, ചെക്ക് ലിസ്റ്റ്,ആക്ഷൻ പ്ലാൻ , ഡിമാൻഡ് ഫോം ,പ്രവർത്തി അനുവദിച്ചു കൊണ്ടുള്ള സാക്ഷ്യപത്രം , എഫ് ടി ഒ, സിറ്റിസൻ  ഇൻഫർമേഷൻ ബോർഡിനു  ക്വോട്ടേഷൻ വിളിച്ചതിന്റെ വിവരങ്ങൾ, ,പ്രവർത്തി പൂർത്തീകരണ സാക്ഷ്യ പത്രം,പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫ്ക് , ജിയോ ടാഗ്ഗെട്ട് ഫോട്ടൊഗ്രാഫ് , എന്നീ രേഖകൾ  ഫയലുകളിലൊന്നിലും  കാണുവാൻ സാധിച്ചിട്ടില്ല.
- പ്രവൃത്തിയുടെ അളവ് വിവരങ്ങളിൽ സുതാര്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ ജനകീയ എസ്റിമേറ്റ് ഫയലുകളിൽ ഒന്നും തന്നെ സൂക്ഷിച്ചിട്ടില്ല.
- എസ്റ്റിമെറ്റ് റിപ്പോർട്ട് എല്ലാ പ്രവൃത്തികളുടെയും ഫയലലുകളിൽ മലയാളത്തിൽ എഴുതി സൂക്ഷിച്ചിട്ടുണ്ട് .
- സാധന ഖടകങ്ങൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ ഫയലുകളിൽ എല്ലാം തന്നെ മേടീരിയൾ ബിൽ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.
- എ എം സി  പ്രകാരം ഒരു പ്രവൃത്തിയുടെ വർക്ക് ഫയലിൽ ഉണ്ടായിരിയ്ക്കേണ്ട 22 രേഖകളിൽ വളരെ കുറച്ചു രേഖകൾ മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.ഫയലിൽ മുഴുവൻ രേഖകളും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിയ്ക്കെണ്ടാതാണ്.
- ഭൂവികസന പ്രവൃത്തിയില് (LD/24150) പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ ,ചെയ്ത പ്രവർത്തിയുടെ അളവ് വിവരങ്ങൾ  എന്നിവ ഫയലുകളിൽ സൂക്ഷിയ്ക്കുന്നത് പിന്നീടുള്ള ഓഡിറ്റ്  പ്രവൃത്തികളിൽ പ്രവർത്തി  ചെയ്ത സ്ഥലം മനസ്സിലാക്കുന്നതിനും അളവുകൾ രേഖപ്പെടുതുന്നതിനും സഹായകരമാവും.
- സംയോജിത പദ്ധതികളെ സംബന്ധിച്ച രേഖകൾ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.
- സിറ്റിസൺ ഇൻഫോർമേഷൻ ബോർഡിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- കിണർ നിർമ്മാണ പ്രവൃത്തി (IF/341602) പൂർത്തീകരിച്ചിട്ടില്ല.പാർട്ട്ബിൽ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

## CIB യെ കുറിച്ചുള്ള വിവരങ്ങൾ

- പദ്ധതിയുടെ നടത്തിപ്പിന്റെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് വേണ്ടി തൊഴിലുറപ്പിൽ സ്ഥാപിക്കാറുള്ള സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് എല്ലാ സ്ഥലങ്ങളിലും കാണാൻ കഴിഞ്ഞില്ല.എന്നാൽ അതിനുള്ള

ചെലവുകൾ വന്നതായി എസ്റ്റിമേറ്റ്,എം ബുക്ക് എന്നിവയിൽ നിന്നും മനസ്സിലാക്കാനും കഴിഞ്ഞു.

- പരിശോധിച്ച പ്രവൃത്തികളിൽ റോഡ് കൊണ്ക്രീട്ടിംഗ് പ്രവൃത്തിയിൽ (RC/271493) മാത്രമാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ കഴിഞ്ഞിട്ടുള്ളത്.
- ഭൂവികസനം (LD/234150),തോട് പുനരുദ്ധാരണം (IC/321688) എന്നീ പ്രവൃത്തി സ്ഥലങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണുവാൻ സാധിച്ചില്ല.
- വാർഷിക മാസ്റ്റർ സർക്കുലർ അദ്ധ്യായം 10.6,11.7,13 ,തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 2 ചാപ്റ്റർ 22.4 എന്നിവ പ്രകാരം പ്രവൃത്തി സ്ഥലത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർബന്ധമായും സ്ഥാപിയ്ക്കണം എന്ന് പറയുന്നു.

## അവകാശ നിഷേധങ്ങൾ

❖ തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

പ്രവർത്തി സ്ഥലത്ത് അപ്രതീക്ഷിതമായി എന്തെങ്കിലും അപകടങ്ങൾ ഉണ്ടായാൽ പ്രഥമ ശുശ്രൂഷ നൽകാൻ ഉള്ള സംവിധാനമായ ഫസ്റ്റ് എയ്ഡ് ബോക്സ് പ്രവർത്തി സ്ഥലത്ത് കാണുവാൻ സാധിച്ചു.എന്നാൽ തൊഴിലാളികൾ സ്വന്തം കയ്യിൽ നിന്നും പിരിവു എടുത്തുള്ള പണം ചെലവഴിച്ചാണ് നിലവിൽ മരുന്നുകൾ വാങ്ങി സൂക്ഷിയ്ക്കുന്നത് എന്ന് തൊഴിലാളികളോട് സംസാരിച്ചതിൽ നിന്നും അറിയുവാൻ സാധിച്ചു.

വേനൽക്കാലത്ത് തണൽ നൽകുന്നതിനുള്ള ടാർപ്പോളിൻ ഷീറ്റ്,മണ്ണിലും ചെളിയിലും പണിയെടുക്കുന്നതിനു ആവശ്യമായ ബൂട്സ് ,ഗ്ലൌസ് എന്നിവയും തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രവൃത്തി സ്ഥലത്ത് ലഭ്യമാക്കിയിട്ടില്ല.

ഇത്തരത്തിൽ യാതൊരു വിധത്തിലുള്ള സുരക്ഷാ ഉപകരണങ്ങളും ഇല്ലാതെ ചെളിയിലും മണ്ണിലും പണി ചെയ്യുന്നത് മൂലം കാലിൽ മുറിവുകൾ ഉണ്ടായി,ചൊറിച്ചിൽ പോലുള്ള പല വിധത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുംഅനുഭവപ്പെടുന്നുണ്ട് എന്ന് എന്നീ തൊഴിലാളികൾ അഭിപ്രായപ്പെട്ടു.

.പ്രവൃത്തി സ്ഥലത്ത് വച്ചു ഉണ്ടാകുന്ന അപകടങ്ങൾക്ക് ചികിൽസാ സഹായം ലഭ്യമാകുന്നതിനെ കുറിച്ച് തൊഴിലാളികൾക്ക് വേണ്ടത്ര അവബോധം ഇല്ല എന്നാണ് അവരോടു സസാരിച്ചതിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്. .

തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ 2, അദ്ധ്യായം 23, വാർഷിക മാസ്റ്റർ സർക്കുലറിലെ അധ്യായം 8-8.2 പ്രകാരം പ്രവർത്തി .സ്ഥലത്ത് വേണ്ടതായ

അടിസ്ഥാന സൗകര്യങ്ങളായ പ്രഥമ ശുശ്രൂഷ കിറ്റ്,കുടിവെള്ളം,തണൽ സൗകര്യം,സുരക്ഷാ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനത്തിന്റെ (പഞ്ചായത്ത്)ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഈ നിയമത്തിന്റെ ലംഘനമാണ് ഇത് സൂചിപ്പിക്കുന്നത്.

## വിജിലൻസ് & മോണിറ്ററിംഗ് കമ്മറ്റി

വാർഡിൽ ഏഴു അംഗങ്ങൾ ഉൾപ്പെടുന്ന ഒരു വിജിലൻസ് ആൻഡ് മോനിറ്ട്ടരിംഗ് കമ്മിറ്റി ആണുള്ളത്.വാർഡ് മെമ്പർ,പാടശേഖര സമിതി അംഗങ്ങൾ,തൊഴിലാളികൾ എന്നിവർ ഈ കമ്മിററിയിൽ ഉൾപ്പെടുന്നു.എന്നാൽസജീവമായൊരു ഇടപെടൽ പ്രവൃത്തി സ്ഥലത്ത് ഇവരിൽ നിന്നും ഉണ്ടാവാറില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. തൊഴിലുറപ്പ് നിയമ പ്രകാരം ഓരോ ആറു മാസ കാലയളവിലും വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങളെ പുതുതായി തെരഞ്ഞെടുക്കേണ്ടാതായിട്ടുണ്ട്. എന്നാൽ പദ്ധതി ആരംഭിച്ച സമയത്ത് രൂപീകരിച്ച വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി തന്നെയാണ് നിലവിൽ പ്രവർത്തിയ്ക്കുന്നത് എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

## പരാതി പരിഹാര സംവിധാനം

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടു ഇതു തരത്തിലുണ്ടാകുന്ന പരാതികൾ രേഖപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.ഇതോടൊപ്പം ഏതൊരാൾക്കും ഇത് സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിന് ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ടോൾ ഫ്രീ നമ്പർ (1800 425 1004 )ലഭ്യമാക്കിയിട്ടുണ്ട്.

## നിരീക്ഷണങ്ങൾ

- ❖ മേറ്റ്മാരെ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ
  - പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന രാജലക്ഷ്മി എന്ന ഒരു മേറ്റു ആണ് വാർഡിൽ നിലവിൽ ഉള്ളത്. വളരെയധികം കഴിവുറ്റ ആളുകളായാണ് ഇവരെപ്പറ്റി മനസ്സിലാക്കാൻ കഴിഞ്ഞത്. ആവശ്യമായ പരിശീലനങ്ങളും പിന്തുണയും നൽകിയാൽ ഇവരുടെ സേവനം വാർഡിലെ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന് വലിയ മുതൽക്കൂട്ടായിരിക്കും. തൊഴിലുറപ്പ് നിയമം, പരിസ്ഥിതി സംരക്ഷണം, നീർത്തടാതിഷ്ഠിത വികസന സമീപനം എന്നിവയിൽ മേറ്റ്മാർക്ക് പ്രാഥമികമായ പരിജ്ഞാനം ഉണ്ടാവുന്നത് വാർഡിനെ സംബന്ധിച്ചിടത്തോളം ഏറെ ഗുണകരമായിരിക്കും.

- ❖ തൊഴിൽകാർഡ് പരിശോധന തൊഴിലാളികളുമായി സംസാരിച്ചതിൽ നിന്നും മനസ്സിലാക്കിയ  വസ്തുതകൾ

  വാർഡിലെ തൊഴിലാളികളെ നേരിൽ കണ്ടു അവരുടെ തൊഴിൽകാർഡും അവരുടെ ബാങ്ക് പാസ്സ്ബുക്കും പരിശോധനക്ക് വിധേയമാക്കിയിരുന്നു.  ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞതനുസരിച്ച്  തൊഴിൽ കാർഡ് തൊഴിലാളികൾ തന്നെയാണ് സൂക്ഷിയ്ക്കുന്നത് . ഇത് ഏറെ അഭിനനന്ദ്നാർഹാമായമായ ഒരു കാര്യമാണ്.

  - തൊഴിൽ കാർഡുകളിൽ തൊഴിലാളികളുടെ ഹാജർ വിവരങ്ങൾ ,മസ്റെർ റോൾ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിലിനു അപേക്ഷിച്ച തീയതി, തൊഴിൽ ലഭിച്ച തീയതി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
  - എന്നാൽ വ്യക്തിഗത ഗുണഭോക്താക്കളുടെ തൊഴിൽ കാർഡ് പരിശോധനയിൽ നിന്നും മനസ്സിലായത്  വീടുകളിൽ പ്രവർത്തി ചെയ്യുന്നതിന്  തൊഴിൽ കാർഡ് നിർബന്ധമാണ് എന്ന നിബന്ധന ഉള്ളതിനാൽ  മാത്രമാണ് ഇവർ തൊഴിൽ കാർഡ് എടുക്കുന്നത് എന്നാണ്.പ്രവർത്തിയിൽ വളരെ കുറച്ചു പേർ മാത്രമാണ് പങ്കാളികളാകുന്നത്.
  - എസ് സി ബി പി എൽ  പ്രവൃത്തി നടന്നുകൊണ്ടിരിയ്ക്കുന്ന സ്ഥലം സന്ദർസനം നടത്തിയപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരുന്ന സ്ഥലത്തിന്റെ ഉടമയ്ക്ക്  തൊഴിൽ കാർഡ് ഇല്ല എന്നാണ് അറിയാൻ സാധിച്ചത്.തൊഴിലുരപ്പു പദ്ധതിയിൽ തൊഴിൽ കാർഡ് എടുത്ത ഗുണഭോക്താക്കൾക്ക് മാത്രമാണ് പ്രവൃത്തികൾ ചെയ്തു നൽകാവു എന്ന തൊഴിലുറപ്പ് നിയമം അനുസാസിയ്ക്കുന്നുണ്ട്.

- ❖ പ്രവൃത്തികളുടെതെരഞ്ഞെടുപ്പ്നടപ്പിലാക്കൽസംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

  - വാർഡിൽ  30 സജീവ തൊഴിലാളികളാണ് നിലവിൽ ഉള്ളത് .തൊഴിൽ ലഭിയ്ക്കാൻ കാല താമസം ഉണ്ടാവാറില്ലെന്നും അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭ്യമാവാറുണ്ട് എന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു.
  - ഓരോ പുതിയ പ്രവൃത്തി ആരംഭിയ്ക്കുംമ്പോഴും വാർഡിൽപദ്ധതി ആരംഭ മീറ്റിംഗ്  കൂടി പ്രവൃത്തിയെ സംഭാന്ധിച്ചു ചർച്ച നടത്താറുണ്ട് എന്നും പ്രദേശത്തിനു ആവശ്യമായ പ്രവൃത്തികൾ തെരഞ്ഞെടുക്കുന്നതിൽ തൊഴിലാളി പ്രാതിനിധ്യം ഉണ്ടാവാറുണ്ടെന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു..ഇത് മാതൃകാപരമായ ഒരു കാര്യമാണ്.

- ഓരോ പുതിയ പ്രവൃത്തിയും തൊഴിലാളികൾ തന്നെയാണ് കണ്ടെത്താറുള്ളത്.
- കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 27 തൊഴിലാളികൾ 100 ദിവസം പണി പൂർത്തീകരിച്ചതായും നിലവിൽ ശരാശരി 60 തൊഴിൽ ദിനങ്ങൾ വാർഡിൽ പൂർത്തീകരിച്ചതായും അറിയുവാൻ കഴിഞ്ഞു.
- പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ പണിയായുധങ്ങളും തൊഴിലാളികൾ കൊണ്ട് വരുന്ന പണിയായുധങ്ങളുംപ്രവൃത്തി സ്ഥലത്ത് ഉപയോഗിക്കുന്നുണ്ട്. നിലവിൽ തൊഴിലാളികൾ കൊണ്ട് വരുന്ന ആയുധങ്ങളാണ് പ്രവൃത്തി സ്ഥലത്ത് ഉപയോഗിയ്ക്കുന്നത്.ഇപ്രകാരം തൊഴിലാളികൾ കൊണ്ട് വരുന്ന ആയുധങ്ങൾക്ക് 5 രൂപ നിരക്കിൽ അവർക്ക് ആയുധം മൂർച്ച കൂട്ടുന്നതിനുള്ള വാടക ലഭിയ്ക്കുന്നുണ്ടെന്നും മനസ്സിലാക്കാൻ സാധിച്ചു.
- വാർഡിലെ ഓഡിറ്റിംഗ് പ്രക്രിയയ്ക്ക് വിധേയമാക്കിയ പ്രവർത്തിക പ്രവർത്തികൾ എല്ലാം തന്നെ മാതൃകാപരവും ഗുണമേന്മ ഉള്ളതുമായ പ്രവർത്തികളാണ്.
- വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ദുർബല വിഭാഗങ്ങൾക്ക് ഉയർന്ന പരിഗണന നൽകിയതായി കാണാൻ കഴിയുന്നുണ്ട്. ഇതും നല്ല പ്രവണതയാണ്.

❖ പദ്ധതിപ്രവർത്തനങ്ങൾ സംബന്ധിച്ച സ്ഥല പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ.

- പൊതു ആസ്തികളുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടി ചെയ്ത പ്രവൃത്തികളായ കോട്ടമുക്ക് കണ്ണെന്കായാൽ തോട് പുനരുദ്ധാരണം, പഴയ രെജിസ്റ്റർ ഓഫീസ് പോല്പ്പാക്കര റോഡ് കൊണ്ക്രീട്ടിംഗ് പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ മാതൃകാപരാവും സമൂഹത്തിനു ഉപയോഗ പ്രദവുമായ പ്രവൃത്തികളാണ്..
  - അമ്മിണി എന്ന വ്യക്തിയുടെ സ്ഥലത്ത് നിർമ്മിച്ച കിണർ നിർമ്മാണം (IF/341602) മഴ പെയ്തു വെള്ളം മൂടിയതിനാൽ പകുതി വഴിയിൽ നിർത്തി വച്ചിരിയ്ക്കുന്ന അവസ്ഥയാണുള്ളത്.വെള്ളം മൂടി ഇടിഞ്ഞു കിടക്കുന്നതിനാൽ അളവുകൾ രേഖപ്പെടുത്തുന്നതിന് സാധിച്ചിട്ടില്ല.
  - പഴയ രെജിസ്റ്റർ ഓഫീസ് പൊല്പ്പാക്കര റോഡ് കൊണ്ക്രീട്ടിംഗ് (RC/271493) പ്രവൃത്തിയില് എം ബുക്ക് പ്രകാരമുള്ള കൃത്യമായ അളവുകൾ അളന്നെടുക്കുവാൻ സാധിച്ചു.
  - കോട്ടമുക്ക് കന്നെന്കായാൽതോട്(IC/321688) പുനരുദ്ധാരണ പ്രവൃത്തിയിൽ തോട്ടിലെ മാലിന്യങ്ങൾ നീക്കം ചെയ്തു മണ്ണ് നീക്കി ആഴം കൂട്ടുകയും കല്ലുകളും മണ്ണും ഉപയോഗിച്ച് തടയണകൾ

നിർമ്മിയ്ക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ചെയ്തിരിയ്ക്കുന്നത്.മാർച്ച് മാസത്തിൽ പ്രവൃത്തി പൂർത്തീകരിച്ച പ്രവൃത്തി സ്ഥലം നിലവിൽ കാടു മൂടി അളക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന നിലയിലാണുള്ളത്.പ്രവൃത്തി സ്ഥലത്ത് താൽക്കാലിക തടയണകൾ നിർമ്മിച്ചിരുന്നു എന്നാണ് തൊഴിലാളികളിൽ നിന്നും അറിയുവാൻ സാധിച്ചത്.എന്നാൽ നിലവിൽ വെള്ളം മൂടി നിറഞ്ഞു നിൽക്കുന്ന അവസ്ഥയാണുള്ളത്. അതിനാൽ തന്നെ തോട്ടിലെ വെള്ളം സംഭരിയ്ക്കാനാവാതെ ഒഴുകിപ്പോവുന്ന അവസ്ഥയാണ് കാണുവാൻ സാധിച്ചത്.സ്ഥായിയായ ആസ്തി നിർമ്മാണം ഇവിടെ നടന്നിട്ടില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

- ഭൂവികസനം (LD/234150) പ്രവൃത്തി ഹസ്സൻ ,തെക്കുംമുറി എന്ന ഒരു വ്യക്തിയുടെ സ്ഥലത്താണ് നടന്നിരിയ്ക്കുന്നത്. സ്ഥലത്തെ കാട് വെട്ടി കൃഷിയോഗ്യമാക്ക്കുകയും കുഴികൾ ,ബണ്ടുകൾ എന്നിവ നിർമ്മിച്ചു അത് തൊഴിലാളികൾ ഗ്രൂപ് കൃഷി ചെയ്തതായും അറിയാൻ സാധിച്ചു.നിലവിൽ സ്ഥലം കാടുമൂടി കിടക്കുന്ന അവസ്ഥയാണുള്ളത്.ഓഫീസിലെ പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ഫയൽ പരിശോധിച്ചപ്പോൾ വ്യക്തിഗത ഗുണഭോക്താക്കളെ തിരിച്ചറിയാനുള്ള യാതൊരുവിധ രേഖകളും കാണാനും കഴിഞ്ഞില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളല്ല നടന്നിരിക്കുന്നത് എന്നതിനാൽ പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കാനും കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.
- ഇത്തരത്തിൽസ്വകാര്യവ്യക്തികളുടെ ഭുമിയിൽ പ്രവർത്തികൾ നടക്കുമ്പോൾ ഉടമസ്ഥരും കൂടി പണിക്കിറങ്ങണം എന്ന് നിയമമുണ്ടെങ്കിലും പലയിടത്തും ഇത് സംഭവിക്കുന്നില്ല.
- പ്രവൃത്തിയുടെ സുതാര്യത ഉറപ്പു വരുതുന്നതിനു ആവശ്യമായ ജനകീയ എസ്റ്റിമേറ്റ് പ്രവൃത്തി സ്ഥലങ്ങളിൽ കാണുവാൻ സാധിച്ചില്ല.

❖ പ്രവർത്തികളുടെ ഗുണമേന്മ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

എസ്റ്റിമേറ്റിൽ പറയും പ്രകാരമല്ല പല പ്രവർത്തികളും നടന്നിട്ടുള്ളത്.ഭൂവികസന പ്രവർത്തിയിൽ ഭുവുടമയുടെ ആവശ്യപ്രകാരം ആവശ്യമായ പ്രവർത്തികൾ ചെയ്തു കൊടുക്കുന്ന രീതിയാണ് നടന്നിരിയ്ക്കുന്നത്.അതിനാൽ പ്രവർത്തികൾക്ക് ഉയർന്ന ഗുണനിലവാരം കാണാൻ കഴിയുന്നുണ്ട്.ഇതിനു വേണ്ടി തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നതും കാണാൻ കഴിഞ്ഞു.

❖ മെറ്റീരിയൽ വർക്ക് സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ

പരിശോധിച്ച മെറ്റീരിയൽ വർക്കിൽ (റോഡ് കൊണ്ക്രീട്ടിംഗ് ) സാധന ഖടകം എസ്റ്റിമേറ്റ് പ്രകാരം ഉണ്ട്.എന്നാൽ പ്രോക്യൂർമെന്റ് കമ്മറ്റികളെ ഒരു ഫയലിൽ പോലും കാണാൻ കഴിഞ്ഞില്ല.സാധന ഘടകങ്ങൾക്കു കോട്ടേഷന് വിളിച്ചതിന്റെയും ടെണ്ടർ അനുവദിച്ചു കൊണ്ടുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന്റെ രേഖകൾ എന്നിവ വർക്ക് ഫയലിൽ കാണുവാൻ സാധിച്ചില്ല.

❖ സംയോജിത പദ്ധതികൾ സംബന്ധിച്ച നിരീക്ഷണങ്ങൾ

രേഖകൾ പ്രകാരം സംയോജിത പദ്ധതികൾ സോഷ്യൽ ഓഡിറ്റ് കാലയളവിൽ വിരളമായേ കാണുകയുണ്ടായിട്ടുള്ളു. എന്നാൽ പ്രായോഗിക തലത്തിൽ പല പദ്ധതികളും സംയോജിത സ്വഭാവമുള്ളതാണ്. (റോഡ് നിർമ്മാണം,തോട് പുനരുദ്ധാരണം,കിണർ നിർമ്മാണം ). ഗുണഭോക്തൃവിഹിതം അടക്കം ചെലവഴിച്ച് ഉയർന്ന ഗുണനിലവാരത്തിൽ ആണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രായോഗികതലത്തിൽ സംയോജിത പദ്ധതികളായി തന്നെ പരിഗണിക്കാവുന്നതാണ് എന്നാൽ ഫയലുകൾ പ്രകാരം അത്തരത്തിലല്ല കാണുന്നത്.

❖ പുതിയ പ്രവർത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ അഭിപ്രായങ്ങൾ/നിരീക്ഷണങ്ങൾ

വാർഡിൽ പരമ്പരാഗത ജലസ്ത്രോതസ്സുകൾ ധാരാളമായിട്ടുണ്ട്.അവയുടെ സ്ഥായിയായ സംരക്ഷണം(കയർ ഭൂ വസ്ത്രം ) വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം കുറയ്ക്കുന്നതിനും കൃഷിയ്ക്കും വളരെയധികം ഉപയോഗപ്രദമാകും .കിണറുകളുടെ നിർമ്മാണം,വ്യക്തിഗത ആസ്തികളുടെ നിർമ്മാണം , കുളങ്ങളുടെ നിർമ്മാണം,പരമ്പരാഗത ജലസ്രോതസ്സുകളുടെ സ്ഥായിയായ സംരക്ഷണ പ്രവർത്തനങ്ങൾ ,ജൈവ വേലി നിർമ്മാണം,കളിസ്ഥല നിർമ്മാണം ,പൊതു ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾ എന്നീ പ്രവർത്തികളും ഇവടെ നടപ്പിലാക്കവുന്നതാണ്.

എടപ്പാൾ ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡ് തട്ടാൻപടി വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 23/9/2019 (തിങ്കളാഴ്ച) രാവിലെ 10.30 നു പഞ്ചായത്ത് ഹാളിൽ വച്ചു ചേർന്ന്.സോഷ്യൽ ഓഡിറ്റ് കരട് റിപ്പോർട്ടിന്റെ അവതരണവും ചർച്ചയും നടന്നു.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തുടർന്നുള്ള ചർച്ചയുടെ അടിസ്ഥാനത്തിലും ഗ്രാമസഭ അംഗീകരിച്ച പ്രധാന തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ തീരുമാനങ്ങൾ

- പ്രവൃത്തിയുടെ വർക്ക് ഫയലിൽ സൂക്ഷിയ്ക്കേണ്ട 22 രേഖകളും കൃത്യമായി സൂക്ഷിയ്ക്കും.
- പ്രവൃത്തി സ്ഥലത്ത് സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് കൃത്യമായി സ്ഥാപിയ്ക്കും
- സിറ്റിസൺ ഇൻഫോർമേഷൻ ബോർഡിന്റെ ബില്ലുകൾ പ്രവൃത്തിയുടെ വർക്ക് ഫയലിൽ സൂക്ഷിയ്ക്കും .
- പ്രവൃത്തി സ്ഥലത്തേയ്ക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളായ തണൽ ഒരുക്കുന്നതിനുള്ള ടാർപോളിൻ ഷീറ്റ്,പ്രഥമ ശുശ്രൂഷ കിറ്റ്,സുരക്ഷ ഉപകരണങ്ങൾ എന്നിവ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് താൽക്കാലികമായി വാങ്ങി നൽകും.
- തൊഴിൽ കാർഡിൽ തൊഴിൽ, വേതനം എന്നിവ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തും.
- പ്രവൃത്തികളുടെ ഫയലുകളിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ,ചെയ്ത പ്രവൃത്തിയുടെ അളവുകൾ,മേടീരിയൽ വർക്കുകളിൽ ടെണ്ടർ വിളിച്ചതിന്റെ കോപ്പി എന്നിവ കൃത്യമായി സൂക്ഷിയ്ക്കും.
- പ്രവൃത്തിയുടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് വേണ്ടിയുള്ള ജനകീയ എസ്റിമേറ്റ് പ്രവൃത്തിയുടെ ഫയലുകളിലും പ്രവൃത്തി സ്ഥലത്തും സൂക്ഷിയ്ക്കും..
- ആക്ഷൻ പ്ലാനിൽ അംഗീകരിച്ച പ്രവൃത്തികൾ മാത്രമാണ് ചെയ്യുകയുള്ളു.
- വാർഡിൽ സജീവ പ്രവർത്തനം നടത്തുന്നതിനു പുതിയ വിജിലൻസ് ആൻഡ് മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കും.

## ഓഡിറ്റ് ടീം

1.അഞ്ജു പി.എസ്(പൊന്നാനി,ബ്ലോക്ക് റിസോഴ്സ് പേഴ്സൺ )